"ഭരണഭാഷ - മാതൃഭാഷ"

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് ഡയറക്ടർ ജനറലിന്റെ നടപടി
വികാസ്ഭവൻ, തിരുവനന്തപുരം

വിഷയം:- ഡി.ഇ.എസ് - ജനറൽ - ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കും എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിലേക്ക് ബൈ ട്രാൻസ്ഫർ നിയമനം നൽകുന്നത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1) 3/01/2014 ലെ സ.ഉ.(പി) നമ്പർ 1/2014/ഉ.ഭ.പ.വ ഉത്തരവ്
2) 19/07/2014 ലെ സ.ഉ.(പി) നമ്പർ 21/2014/ഉ.ഭ.പ.വ ഉത്തരവ്
3) 28/05/2015 ലെ സ.ഉ.(പി) നമ്പർ 16/2015/ഉ.ഭ.പ.വ ഉത്തരവ്
4) 18/08/2015 ജി 12229/2014/ഡി.ഇ.എസ് നമ്പർ ഉത്തരവ്

**ഉത്തരവ് നമ്പർ ജി 12229/2014/ഡി.ഇ.എസ് തീയതി, 12/11/2015**

വിവിധ സർക്കാർ വകുപ്പുകളിലെ എൽ.ഡി.ക്ലർക്ക്, എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിലേക്ക് ഉണ്ടാകുന്ന ഒഴിവുകളുടെ 10 ശതമാനത്തിലേക്ക് അതാത് വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കും യോഗ്യതയുടെയും, എൻട്രി കേഡറിലെ സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികകളിലേക്ക് താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി തസ്തികമാറ്റം വഴി നിയമനം നൽകുന്നതിന് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിരിക്കുന്നു.

1) തസതികമാറ്റം ലഭിക്കുവാൻ അർഹരായ ജീവനക്കാർ താഴ്ന്ന തസ്തികയിൽ പ്രൊബേഷൻ പൂർത്തീകരിച്ചിരിക്കണം.
2) ടി ജീവനക്കാർ താഴ്ന്ന തസ്തികയിൽ / തസ്തികകളിൽ 3 വർഷം സേവനം പൂർത്തീകരിച്ചിരിക്കണം.

ടി ഉത്തരവിന്റെ പ്രായോഗിക രീതി വ്യക്തമാക്കികൊണ്ട് പരാമർശം (2) ഉത്തരവും സർക്കാർ പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവ് പ്രകാരം ടി നിയമനങ്ങൾ ജില്ലാതലത്തിലാണ് നടത്തേണ്ടതെന്നും തസ്തികമാറ്റ നിയമനത്തിനായുള്ള സീനിയോറിറ്റി ജില്ലാതലത്തിലുള്ള എൻട്രി കേഡറിലെ സംയോജിത സീനിയോറിറ്റി ലിസ്റ്റിന്റെ (പാർട്ട് ടൈം തസ്തികകൾ ഒഴികെ) അടിസ്ഥാനത്തിലാണ് പരിഗണിക്കേണ്ടതെന്നും വ്യക്തമാക്കിയിരുന്നു.

എന്നാൽ പരാമർശം (3) പ്രകാരം 10% തസ്തികകൾ ജില്ലാതലത്തിൽ തസ്തികമാറ്റ നിയമനത്തിനായി മാറ്റിവയ്ക്കാൻ കഴിയാത്ത വകുപ്പുകളിൽ സംസ്ഥാനതലത്തിലുള്ള എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികകളുടെ അംഗബലം കണക്കാക്കി അതിന്റെ 10% എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികമാറ്റ നിയമനത്തിനായി മാറ്റിവയ്ക്കാൻ ഒരോ വകുപ്പിലെയും എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികകളുടെ സംസ്ഥാനതലത്തിലുള്ള അംഗബലത്തിന്റെ 10 ശതമാനത്തിൽ ഇപ്രകാരമുള്ള തസ്തികമാറ്റ നിയമനം എത്തിച്ചേരുന്നതുവരെ തുടരുവാനും ഉത്തരവായ സാഹചര്യത്തിൽ ഈ വകുപ്പിലെ ടൈപ്പിസ്റ്റ് തസ്തികയിലെ സംസ്ഥാനാടിസ്ഥാനത്തിലുള്ള കേഡർ സ്ട്രെങ്ത് താഴെ പറയുന്ന പ്രകാരം നിജപ്പെടുത്തി ഉത്തരവാകുന്നു.

| ക്രമ. നം | ജില്ല | എൽ.ഡി. ടൈപ്പിസ്റ്റ് | യു.ഡി. ടൈപ്പിസ്റ്റ് | സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് | ആകെ |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 2 | - | - | 2 |
| 2 | കൊല്ലം | - | 2 | - | 2 |
| 3 | പത്തനംതിട്ട | - | - | 1 | 1 |
| 4 | ആലപ്പുഴ | 1 | - | 1 | 2 |
| 5 | കോട്ടയം | - | 1 | 1 | 2 |
| 6 | ഇടുക്കി | 2 | - | - | 2 |
| 7 | എറണാകുളം | 1 | 1 | - | 2 |
| 8 | തൃശ്ശൂർ | 1 | - | 1 | 2 |
| 9 | പാലക്കാട് | 1 | 1 | - | 2 |
| 10 | മലപ്പുറം | - | 1 | 1 | 2 |
| 11 | കോഴിക്കോട് | - | 1 | 1 | 2 |
| 12 | വയനാട് | - | 1 | - | 1 |
| 13 | കണ്ണൂർ | - | - | 2 | 2 |
| 14 | കാസർഗോഡ് | - | - | 1 | 1 |
| 15 | ഡി.പി.ഐ | 2 | - | - | 2 |
| 16 | ഹെഡ് ക്വാർട്ടേഴ്സ് | 7 | 8 | 7 | 22 |
| | **ആകെ** | **17** | **16** | **16** | **49** |

മേൽപട്ടികയിൽ പ്രതിപാദിച്ചിട്ടുള്ള എൽ.ഡി.ടൈപ്പിസ്റ്റിന്റെ ആകെ അംഗബലം 17 ആണ്. ഇതിന്റെ 10 ശതമാനം ഒഴിവുകൾ ലാസ്റ്റ് ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ റൂളിൽ ഉൾപ്പെട്ടവർക്കും സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കും തസ്തികമാറ്റം വഴി പരാമർശ ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി നടത്തുന്നതിന് ഇതിനാൽ ഉത്തരവാകുന്നു.

ടി നിയമനത്തിന് അർഹരായവരുടെ സീനിയോറിറ്റി, സംസ്ഥാന തലത്തിലുള്ള ടി തസ്തികകളുടെ എൻട്രി കേഡറിലെ സംയോജിത സീനിയോറിറ്റി ലിസ്റ്റിന്റെ (പാർട്ട് ടൈം തസ്തിക ഒഴികെ) അടിസ്ഥാനത്തിൽ ഗ്രഡേഷൻ സെൽ കണക്കാക്കേണ്ടതാണ്. എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിലേക്കുള്ള പ്രമോഷന് വേണ്ടി നിയമാനുസൃതമായി തസ്തിക നീക്കിവെക്കുന്നതിനും അർഹരായവരിൽ നിന്നും ഓപ്ഷൻ ഫോറം വാങ്ങി ആയതിന്റെ അടിസ്ഥാനത്തിൽ യോഗ്യരായവരിൽ നിന്നും പ്രമോഷൻ നടത്തുന്നതിനും ജീവനക്കാര്യ വിഭാഗം നടപടി സ്വീകരിക്കേണ്ടതാണ്. ഈ ഉത്തരവിന് 3/01/2014 മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്. ഈ സാഹചര്യത്തിൽ പരാമർശം (4) പ്രകാരമുള്ള ഉത്തരവ് റദ്ദ് ചെയ്ത് കൊണ്ടും ഉത്തരവാകുന്നു.

ഒപ്പ്
വി.രാമചന്ദ്രൻ
**ഡയറക്ടർ ജനറൽ**

പകർപ്പ്

1) അഡീഷണൽ ചീഫ് സെക്രട്ടറി, പ്ലാനിംഗ് & ഇക്കണോമിക് അഫയേഴ്സ് (ആമുഖ കത്ത് സഹിതം അറിവിലേക്കായി)
2) ഡെപ്യൂട്ടി ഡയറക്ടർമാർ (എല്ലാ ജില്ലകൾക്കും)
3) സീനിയർ സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർ (ജീവനക്കാര്യം)
4) ഡെപ്യൂട്ടി ഡയറക്ടർ, കമ്പ്യൂട്ടർ വിഭാഗം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5) ഗ്രഡേഷൻ സെൽ /ഫയൽ/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

**അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്**